## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1025** | **25.01.2018-ൽ മറുപടിക്ക്**

## സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.എം. ആരിഫ്<br>,, വി. ജോയി<br>,, വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഗ്രേഡിംഗ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റൈൽ ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ- റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജ്വലറികൾ, ഐ.ടി സ്ഥാപനങ്ങൾ, സെക്യൂരിറ്റി എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഇപ്രകാരം മൂല്യനിർണ്ണയം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>1. മികച്ച തൊഴിൽ ദാതാവ്<br>2. സംതൃപ്തമായ തൊഴിലാളികൾ<br>3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>5. സ്ത്രീ സൗഹൃദ അന്തരീഷം<br>6.തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ<br>7. തൊഴിലിടങ്ങളിലെ സുരക്ഷ. |

| | | | |
|---|---|---|---|
| (ഡി) | തൊഴിലാളികൾക്ക് അർഹമായ സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കാനും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാനും പ്രസ്തുത ഗ്രേഡിംഗ് സംവിധാനം എപ്രകാരമെല്ലാം പ്രയോജനപ്രദമാകുമെന്ന് വിശദമാക്കുമോ ? | (ഡി) | നിശ്ചിത മാനദണ്ഡങ്ങളെ ആധാരമാക്കി തൊഴിലുടമ, തൊഴിലാളി, ഇതര സാമൂഹ്യ വിഭാഗങ്ങൾ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നെല്ലാം അഭിപ്രായ രൂപീകരണം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ മൂല്യനിർണ്ണയം ചെയ്യാനും ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് വിവിധ ഗ്രേഡുകൾ നൽകി മാതൃകാസ്ഥാപനങ്ങളായി പ്രഖ്യാപിക്കാനും ഇതു വഴി ഉദ്ദേശിക്കുന്നു. ഇപ്രകാരം ഗ്രേഡിംഗ് ലഭിക്കുന്ന സ്ഥാപനങ്ങളെ മറ്റു സ്ഥാപനങ്ങൾ മാതൃകയാക്കാൻ ശ്രമിക്കുകയും ആയത് കാലക്രമേണ എല്ലാ തൊഴിൽ മേഖലകളിലേയും തൊഴിലാളികൾക്ക് അർഹമായ സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതോടൊപ്പം മെച്ചപ്പെട്ട തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനും കാരണമായിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.